**ഗ്രാമ ന്യായാലയം, ഇരിക്കൂർ.**
**സാന്നിദ്ധ്യം: ശ്രീ ശ്രീജയൻ വി, ന്യായാധികാരി, ഇരിക്കൂർ.**
**തീയ്യതി 2026 മാർച്ച് 31 (ചൈത്രം 10)**

**<u>കലണ്ടർ കേസ് നമ്പർ 97/2020</u>**

| | | |
|---|---|---|
| പരാതിക്കാരൻ | : | സ്റ്റേഷൻ ഹൗസ് ഓഫീസർ,<br>ഉളിക്കൽ പോലീസ് സ്റ്റേഷൻ.<br>ക്രൈം നമ്പർ 229/20<br>(കേരള സർക്കാറിനു വേണ്ടി)<br>(അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ അബ്ദുൽ സത്താർ വി പി) |
| പ്രതികൾ | : | 1. സായൂജ് കെ ,S /o സജീവൻ,വയസ്സ് 36, ചെറുവാരി ഹൗസ്, വയത്തൂർ അംശം,പേരട്ട , കല്ലൻതോട്,<br>2. വിശാഖ് എൻ, S /o ശശീന്ദ്രൻ,വയസ്സ് 28, നെല്ലിക ഹൗസ്, വയത്തൂർ അംശം, ,പേരട്ട , കല്ലൻതോട്,<br>3. ശരത് ഷാജി, S/o ഷാജി, വയസ്സ് 26, തൊഴത്തിങ്കൽ ഹൗസ്, വയത്തൂർ അംശം,പേരട്ട , കല്ലൻതോട്<br>4. ശ്രീജിത്ത് എം, S/o കൃഷ്ണൻ, വയസ്സ് 42 ,കുഞ്ഞിമാനം ഹൗസ്, മുഴക്കുന്ന് അംശം, മുടക്കോഴി<br>5. ജിതീഷ് കെ വി, S/o രാജീവൻ, വയസ്സ് 33,പൂച്ചക്കര ഹൗസ്, പായം അംശം, മാടത്തിൽ<br>(അഡ്വക്കേറ്റ് ശ്രീ ബിനു കുളമാക്കാട്ട് കെ എസ് ) |
| ചാർജ് | : | ഇന്ത്യൻ ശിക്ഷാനിയമം 143,147,506(1) r/w 149 വകുപ്പുകൾ |
| വാദം | : | കുറ്റക്കാരല്ല |
| കണ്ടെത്തൽ | : | കുറ്റക്കാരല്ല |
| ശിക്ഷ/ഉത്തരവ് | : | ഈ കേസിലെ പ്രതികളെ Section 255 (1), The Code of Criminal Procedure,1973 പ്രകാരം വെറുതെ വിട്ടിരിക്കുന്നു. |

<u>പ്രതികളെ കുറിച്ചുള്ള വിവരണം</u>

| ക്രമ നമ്പർ | പ്രതികളുടെ പേര് | വയസ്സ് | അച്ഛന്റെ പേര് | പ്രവർത്തി | വിലാസം |
|---|---|---|---|---|---|
| 1 | സായൂജ് . കെ | 31 | സജീവൻ | | ചെറുവാരി ഹൗസ്, വയത്തൂർ അംശം, പേരട്ട , കല്ലൻതോട്, |
| 2 | വിശാഖ് എൻ | 28 | ശശീന്ദ്രൻ | | നെല്ലിക ഹൗസ്, വയത്തൂർ അംശം, ,പേരട്ട , കല്ലൻതോട്, |
| 3 | ശരത് ഷാജി | 26 | ഷാജി | | തൊഴത്തിങ്കൽ ഹൗസ്, വയത്തൂർ അംശം,പേരട്ട , കല്ലൻതോട് |
| 4 | ശ്രീജിത്ത് എം | 42 | കൃഷ്ണൻ | | കുഞ്ഞിമാനം ഹൗസ്, മുഴക്കുന്ന് അംശം, മുടക്കോഴി |
| 5 | ജിതീഷ് കെ വി | 33 | രാജീവൻ | | പൂച്ചക്കര ഹൗസ്, പായം അംശം, മാടത്തിൽ |

സംഭവം നടന്ന തീയ്യതി : 26.06.2020

പരാതി കൊടുത്ത തീയ്യതി : 03.07.2020

അറസ്റ്റ് ചെയ്ത തീയ്യതി : 08.07.2020

ജാമ്യത്തിൽ വിട്ട തീയ്യതി : 08.07.2020

വിചാരണ തുടങ്ങിയ തീയ്യതി : 18.03.2021

വിചാരണ അവസാനിച്ച തീയ്യതി : 30.03.2026

വിധി തീയ്യതി : 31.03.2026

## വിധിന്യായം

1. പ്രോസിക്യൂഷൻ കേസിന്റെ സാരാംശം ഇപ്രകാരമാണ്. 2020 ജൂൺ മാസം 26-ാം തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക്, വയത്തൂർ അംശം, പേരട്ട, കല്ലന്തോട് എന്ന സ്ഥലത്ത് ഒന്നാം സാക്ഷി കുടുംബമായി താമസിച്ചു വരുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 6/354 നമ്പർ വീട്ടിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രതികൾ കുറ്റം ചെയ്യണമെന്ന കരുതലും ഉദ്ദേശത്തോടും കൂടി ന്യായ വിരുദ്ധമായി സംഘം ചേർന്ന് അതിക്രമിച്ചു കയറി, തടയാൻ ശ്രമിച്ച ഒന്നാം സാക്ഷിയെയും അമ്മയെയും കൊല്ലും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതിനാൽ ഈ കേസിലെ പ്രതികൾ 143,147, 451, 506 (1) 149 വകുപ്പുകൾ ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ട്.

2. ആയതിന് ഉളിക്കൽ പോലീസ് ക്രൈം നമ്പർ 229/2020 143, 147, 451,506(1),149 വകുപ്പുകൾ ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം ക്രൈം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്, ആയതിൽ ഈ കോടതി മുമ്പാകെ ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഈ കോടതി ആയതിൽ cognizance എടുത്തിട്ടുള്ളതും ഈ കേസിലെ പ്രതികൾക്ക് സമൻസ് അയച്ചിട്ടുള്ളതുമാണ്.

3. ഈ കേസിലെ പ്രതികൾ ഈ കോടതി മുമ്പാകെ ഹാജരായിട്ടുള്ളതാണ്. അവർക്ക് കുറ്റാരോപണത്തിന്റെ സാരാംശം വായിച്ചു കേൾപ്പിച്ചു കൊടുത്തതിൽ അവർ കുറ്റം ചെയ്തിട്ടില്ല എന്ന് കോടതി മുമ്പാകെ പ്രസ്താവിച്ചിട്ടുള്ളതാണ്. ആയതിന് ശേഷം ഈ കേസ് വിചാരണയ്ക്കായി വെച്ചിട്ടുള്ളതാണ്. ഈ കേസിലെ സാക്ഷികൾക്ക് സമൻസ് അയച്ചിട്ടുള്ളതാണ്

4. പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും 11 സാക്ഷികളുടെ പട്ടിക തന്നിട്ടുള്ളതും 9 പേരെ വിസ്തരിച്ചിട്ടുള്ളതുമാണ്. ചാർജ് ഭാഗം രണ്ടാം സാക്ഷി, മീനാക്ഷിയമ്മ W/o ചാത്തു നായർ എന്നിവരുടെ മരണ സർട്ടിഫിക്കറ്റ് റിപ്പോർട്ട് സഹിതം കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന് ശേഷം, ഈ കേസിലെ പ്രതികളെ 313-ാം വകുപ്പ് The Code of Criminal Procedure പ്രകാരം എക്സാമിൻ ചെയ്തിട്ടുള്ളതാണ്. ടി സമയം പ്രതികൾ ഞങ്ങൾ നിരപരാധികളാണ് എന്നും രാഷ്ട്രീയ വിദ്വേഷം മൂലം കളവായി കെട്ടിച്ചമച്ച കേസാണ് എന്നും മൊഴി തന്നിട്ടുള്ളതാണ്. പ്രതി ഭാഗത്ത് നിന്നും തെളിവുകൾ ഒന്നും ഇല്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

5. ഇരുഭാഗവും കേട്ടു, രേഖകൾ പരിശോധിച്ചു.

6. ഈ കേസിൽ താഴെപ്പറയും പ്രകാരം തർക്ക വിഷയങ്ങൾ പരിഗണനയ്ക്ക് വരുന്നതാണ്.

1) 2020 ജൂൺ മാസം 26-ാം തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക്, വയത്തൂർ അംശം, പേരട്ട, കല്ലന്തോട് എന്ന സ്ഥലത്ത് ഒന്നാം സാക്ഷി കുടുംബമായി താമസിച്ചു വരുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 6/354 നമ്പർ വീട്ടിൽ അതിക്രമിച്ച് കയറി ഈ കേസിലെ പ്രതികൾ Section 451 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

2) ഈ കേസിലെ പ്രതികൾ 2020 ജൂൺ മാസം 26-ാം തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക്, വയത്തൂർ അംശം, പേരട്ട, കല്ലന്തോട് എന്ന സ്ഥലത്ത് ഒന്നാം സാക്ഷി കുടുംബമായി താമസിച്ചു വരുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 6/354 നമ്പർ വീട്ടിൽ

അതിക്രമിച്ച് കയറി തടയാൻ ശ്രമിച്ച ഒന്നാം സാക്ഷിയെയും അമ്മയെയും കൊല്ലുമെന്ന് പറഞ്ഞ് Section 506 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

3) 2020 ജൂൺ മാസം 26-ാം തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക്, വയത്തൂർ അംശം, പേരട്ട, കല്ലന്തോട് എന്ന സ്ഥലത്ത് ഒന്നാം സാക്ഷി കുടുംബമായി താമസിച്ചു വരുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 6/354 നമ്പർ വീട്ടിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രതികൾ കുറ്റം ചെയ്യണമെന്ന കരുതലും ഉദ്ദേശത്തോടും കൂടി ന്യായ വിരുദ്ധമായി സംഘം ചേർന്ന് അതിക്രമിച്ചു കയറി, തടയാൻ ശ്രമിച്ച ഒന്നാം സാക്ഷിയെയും അമ്മയെയും കൊല്ലും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതിനാൽ Section143 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

4) 2020 ജൂൺ മാസം 26-ാം തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക്, വയത്തൂർ അംശം, പേരട്ട, കല്ലന്തോട് എന്ന സ്ഥലത്ത് ഒന്നാം സാക്ഷി കുടുംബമായി താമസിച്ചു വരുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 6/354 നമ്പർ വീട്ടിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രതികൾ കുറ്റം ചെയ്യണമെന്ന കരുതലും ഉദ്ദേശത്തോടും കൂടി ന്യായ വിരുദ്ധമായി സംഘം ചേർന്ന് അതിക്രമിച്ചു കയറി, തടയാൻ ശ്രമിച്ച ഒന്നാം സാക്ഷിയെയും അമ്മയെയും കൊല്ലും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതിനാൽ Secton147 IPC. പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

5) 2020 ജൂൺ മാസം 26-ാം തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക്, വയത്തൂർ അംശം, പേരട്ട, കല്ലന്തോട് എന്ന സ്ഥലത്ത് ഒന്നാം സാക്ഷി കുടുംബമായി താമസിച്ചു വരുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 6/354 നമ്പർ വീട്ടിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രതികൾ കുറ്റം ചെയ്യണമെന്ന കരുതലും ഉദ്ദേശത്തോടും കൂടി ന്യായ വിരുദ്ധമായി

സംഘം ചേർന്ന് അതിക്രമിച്ചു കയറി, തടയാൻ ശ്രമിച്ച ഒന്നാം സാക്ഷിയെയും അമ്മയെയും കൊല്ലും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതിനാൽ Section149 IPC. പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

6 ) അപ്രകാരമെങ്കിൽ ഉചിതമായ ശിക്ഷ എന്താണ്?

7. ഈ കേസിലെ തെളിവുകൾ വിശകലനം ചെയ്യുമ്പോൾ, ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷി 26.06.2020 തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക് സായൂജ്, വൈശാഖ്, പ്രജിത്ത്, ശരത്ത് ഇവർ എല്ലാവരും കൂടി എന്റെ പേരട്ടയിലുള്ള വീട്ടിൽ വന്നിട്ട് ഒരു പെണ്ണിന്റെയും ചെറുക്കന്റെയും ഫോട്ടോ കാണിച്ചിട്ട് ഇവരെ ഇവിടെ നിങ്ങൾ ഒളിപ്പിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു. ഞങ്ങൾ ഇല്ല എന്ന് പറഞ്ഞു. അപ്പോൾ അവർ എന്റെ വീടിന്റെ അകത്ത് കയറി റൂമിലും ബാത്ത്റൂമിലും കയറി പരിശോധിച്ചു സത്യം പറഞ്ഞോ കാണിച്ച് തന്നിട്ടില്ലെങ്കിൽ കൊല്ലുമെന്ന് പറഞ്ഞു ഭീഷണിപ്പെടുത്തി. അപ്പോൾ വീട്ടിൽ അമ്മയും ഉണ്ടായിരുന്നു, അവർ വണ്ടിയിൽ പോയി ഞങ്ങൾക്ക് പേടി തോന്നി. ഒമ്നി കാറിലാണ് അവർ വന്നത്. അതിൽ തന്നെ കയറി തിരിച്ചുപോയി. അഞ്ചാറ് ആളുകളാണ് വീട്ടിൽ വന്നത്. അവരെ കണ്ടാൽ തിരിച്ചറിയും. ഇന്ന് പ്രതി കൂട്ടിൽ ആദ്യം നിൽക്കുന്ന പ്രജിത്താണ്. രണ്ടാമത് നിൽക്കുന്നത് വൈശാഖാണ്. മൂന്നാമത് നിൽക്കുന്നത് ശരത്ത്. 4-ാമത് നിൽക്കുന്ന ആൾ സായൂജാണ് ഏറ്റവും മുന്നിൽ നിൽക്കുന്ന ആളെ എനിക്ക് പരിചയമില്ല. ബാക്കി എല്ലാവരും നാട്ടുകാരും ആണ്. അന്വേഷിച്ചതിൽ പ്രജിത്ത് എന്നാണ് അറിഞ്ഞത്. ഈ സംഭവത്തിൽ ഞാൻ കൊടുത്ത പരാതിയാണ് കാണിച്ചത് എന്നും അമ്മ മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ എന്നും. എനിക്ക് അങ്ങനെ പോലീസ് സ്റ്റേഷനിൽ പോകാൻ കഴിയില്ല, മകളെ വിളിച്ച് കാര്യങ്ങൾ പറഞ്ഞ്. കൊണ്ടാണ്

പരാതി കൊടുക്കാൻ വൈകിയത് എന്റെ മൂത്ത മകൻ സുഭാഷ് ബിജെപിയുടെ സംസ്ഥാന സംഘടനാ സെക്രട്ടറിയാണ്. പ്രതികൾ സിപിഎംകാരാണ്, പശുവിനെ കൊണ്ടു വരുന്ന ഓമന പ്രതികൾ വരുന്നത് കണ്ടിരുന്നു എന്ന് പറഞ്ഞിരുന്നു എന്നും പോലീസ് വന്നപ്പോൾ സ്ഥലം കാണിച്ചു കൊടുത്തിരുന്നു എന്നും പോലീസ് വീണ്ടും എന്റെ മൊഴി എടുത്തിരുന്നു എന്നും ആദ്യ വിസ്താരത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. എതിർ വിസ്താരത്തിൽ നാട്ടിലുള്ള പാർട്ടിക്കാരുമായും മകനുമായും ആലോചിച്ചാണ് പരാതി കൊടുത്തത് എന്നും പരാതി കൊടുത്തതിന് മുന്നേ മകനോട് സംസാരിച്ചിരുന്നു എന്നും ഞാൻ പോലീസ് സ്റ്റേഷനിൽ പോയിട്ടാണ് പരാതി കൊടുത്തത് എന്നും ഞങ്ങൾ എഴുതി തയ്യാറാക്കിയ പരാതിയാണ് പോലീസ് സ്റ്റേഷനിൽ കൊണ്ട് പോയി കൊടുത്തത് എന്നും മൊഴി തന്നിട്ടുള്ളതാണ്.

8. ഇവിടെ പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ വിശകലനം ചെയ്യുമ്പോൾ പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും പ്രോസിക്യൂഷന് അനുസൃതമായി മൊഴി തന്നിട്ടുള്ള ഒരേയൊരു സാക്ഷി, പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയായ പരാതിക്കാരിയാണ്. ഇവിടെ കേസിനാസ്പദമായ സംഭവം നടന്നിട്ടുള്ളത് 26.06.2020 തീയതിക്കാണ്. ഈ കേസിലെ ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് ഫയൽ ആക്കിയിട്ടുള്ളത് 3. 7. 2020 തീയതി വൈകിട്ട് 7 മണിക്കാണ് ഇവിടെ FIR രജിസ്റ്റർ ചെയ്യുന്നതിൽ 8 ദിവസത്തെ കാലതാമസമുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും തന്നിരിക്കുന്ന വിശദീകരണം,പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷി തന്റെ മകനോട് കാര്യങ്ങൾ അന്വേഷിച്ചാണ് പരാതി നൽകിയത്. ആയതിന് വന്ന കാലതാമസം ആണ് എന്നാണ് പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി തന്നെ തൻ്റെ മകൻ ബിജെപിയുടെ സംസ്ഥാന

സെക്രട്ടറിയാണ് എന്ന് മൊഴി തന്നിട്ടുള്ളതാണ്. ടിയാൻ തിരുവനന്തപുരത്താണ് എന്നും മൊഴി തന്നിട്ടുള്ളതാണ്.

9. ഈ കേസിലെ പരാതിയിൽ തന്നെ പ്രതിപാദിച്ചിട്ടുള്ള പ്രോസിക്യൂഷൻ ഭാഗം രണ്ടാം സാക്ഷി, ഓമന എന്നിവർ താൻ ഇപ്രകാരം ഒരു സംഭവവും കണ്ടിട്ടില്ല എന്നും മൊഴി തന്നിട്ടുള്ളതാണ്. ഈ കേസിലെ മറ്റൊരു ദൃക്സാക്ഷിയായ മീനാക്ഷി, അമ്മ എന്നിവർ മരണപ്പെട്ടു പോയിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷി മുഖാന്തരം Ext.. P2 മാർക്ക് ചെയ്തിട്ടുള്ളതാണ്.

10. ഈ കേസിൽ പരാതി ബോധിപ്പിക്കുന്നതിൽ 8 ദിവസത്തെ കാലതാമസം വന്നിട്ടുള്ളതാണ്. ഈ കേസിന് ആസ്പദമായ സംഭവം നടന്നു എന്ന് പറയുന്ന സമയവും തീർത്തും 26.06.2020 തീയതി ഉച്ചയ്ക്ക് 1.30 മണിക്ക് സംഭവിച്ചു എന്നാണ്, എന്നാൽ ഈ കേസിൽ, FIR രജിസ്റ്റർ ചെയ്തിട്ടുള്ളതും 3.7.2020 തീയതി വൈകിട്ട് 19 മണിക്ക് മാത്രമാണ്. ഇവിടെ ആയതിന് ഉള്ള വിശദീകരണം Ext. P1 പരാതിയിൽ നൽകിയിട്ടുള്ളതാണ്. പരാതിയിൽ ഇപ്രകാരം പറഞ്ഞിട്ടുള്ളതാണ്. പിന്നീട് മകനെ വിളിച്ചു പറഞ്ഞു. മറ്റു വേണ്ടപ്പെട്ടവരോടും അന്വേഷിച്ചാണ് പരാതി നൽകുന്നത്, അതുകൊണ്ടാണ് പരാതി നൽകാൻ താമസിച്ചത് എന്ന് കോടതി മുമ്പാകെ പ്രതിപാദിച്ചിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ എതിർവിസ്താരത്തിൽ സംഭവം കഴിഞ്ഞ് 5-6 ദിവസം കഴിഞ്ഞാണ് പരാതി കൊടുത്തത്. ആദ്യത്തെ ദിവസം ആരുടെ പേരിലാണ് പരാതി കൊടുക്കേണ്ടത് എന്ന് അറിയില്ലായിരുന്നു. പിന്നീട് അന്വേഷിച്ച് മനസ്സിലാക്കിയതിന് ശേഷമാണ് പരാതി കൊടുത്തത് എന്നും മൊഴി തന്നിട്ടുള്ളതാണ്. ഇവിടെ ഈ കേസിലെ പ്രോസിക്യൂഷൻ

ഭാഗം 1-ാം സാക്ഷി ഈ കേസിലെ 2-ാം പ്രതിയെയും 3-ാം പ്രതിയെയും ഒന്നാം പ്രതിയെയും കോടതിയിൽ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. ഈ കേസിലെ പ്രതികൾ വീട്ടിൽ വന്നത് നാലാം പ്രതിയുടെ ഭാര്യയെ അന്വേഷിക്കാനാണ് എന്നും ഞങ്ങളെ ഉപദ്രവിക്കാൻ വന്നതല്ല എന്ന് പിന്നീട് മനസ്സിലായി എന്നും എതിർവിസ്താരത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ കേസിലെ Ext. P1-ൽ ഈ കേസിലെ പ്രതികൾ ഓമ്നി വാനിലും കാറിലും ബൈക്കിലുമാണ് വന്നത് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ആദ്യ വിസ്താരത്തിൽ ഓമ്നി കാറിൽ ആണ് അവർ വന്നത് അതിൽ തന്നെ കയറി തിരിച്ചുപോയി എന്നാണ് പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി മൊഴി തന്നിട്ടുള്ളത്. ഇവിടെ പോലീസ് Ext.. P5 പ്രകാരം ബന്ധവസ്ഥയിലെടുത്തിട്ടുള്ളതും Ext. P. 10 പ്രകാരം കച്ചീട്ടിൽ വിട്ടുകൊടുത്തിട്ടുള്ളതും. K.L. 57 D 6115 നമ്പർ ഓട്ടോറിക്ഷയാണ്. ആയത് പ്രോസിക്യൂഷൻ കേസിലെ ഒരു discrepancy ആണ് ഇവിടെ മൊത്തം പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ വിശകലനം ചെയ്യുകയാണെങ്കിൽ ആയതിൽ പല discrepancies ഉള്ളതാണ് .

11. ബഹുമാനപ്പെട്ട സുപ്രീം കോടതി Vadivelu Thevar: Chinniah Servai vs State Of Madras - 1957 Supreme(SC) 42 , AIR 1957 SC 614 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്.

Hence, in our opinion, it is a sound and well-established rule of law that the court is concerned with the quality and not with the quantity of the evidence necessary for proving or disproving a fact. Generally speaking, oral testimony in this context may be classified into three categories, namely:

(1) Wholly reliable.

(2) Wholly unreliable.

(3) Neither wholly reliable nor wholly unreliable.

In the first category of proof, the court should have no difficulty in coming to its conclusion either way - it may convict or may acquit on the testimony of a single witness, if it is found to be above reproach or suspicion of interestedness, incompetence or subornation. In the second category, the court equally has no difficulty in coming to its conclusion. It is in the third category of cases, that the court has to be circumspect and has to look for corroboration in material particulars by reliable testimony, direct or circumstantial. There is another danger in insisting on plurality of witnesses. Irrespective of the quality of the oral evidence of a single witness, if courts were to insist on plurality of witnesses in proof of any fact, they will be indirectly encouraging subornation of witnesses. Situations may arise and do arise where only a single person is available to give evidence in support of a disputed fact. The court naturally has to weigh carefully such a testimony and if it is satisfied that the evidence is reliable and free from all taints which tend to render oral testimony open to suspicion, it becomes its duty to act upon such testimony.

12. ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി പ്രോസിക്യൂഷൻ കേസിന് അനുസൃതമായി മൊഴി തന്നിട്ടുള്ളതാണ് പിന്നീട് പ്രോസിക്യൂഷൻ ഭാഗത്തു നിന്നുള്ള ഒരു

ദൃക്സാക്ഷി സംഭവം കണ്ടിട്ടില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ്. ചാർജ് ഭാഗം 2-ാം സാക്ഷിയായിരുന്ന ദൃക്സാക്ഷി മരണപ്പെട്ടു പോയിട്ടുള്ളതാണ് ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയുടെ മൊഴി യാതൊരു രീതിയിലും പിന്നീട് കോറോബോറേറ്റ് ചെയ്തിട്ടില്ലാത്തതാണ്, ആയത് കൂടാതെ ഈ കേസിൽ പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷി തന്നെ. സംഭവം കഴിഞ്ഞ് 5-6 ദിവസം കഴിഞ്ഞാണ് പരാതി കൊടുത്തത്. ആദ്യത്തെ ദിവസം ആരുടെ പേരിലാണ് പരാതി കൊടുക്കേണ്ടത് എന്ന് അറിയില്ലായിരുന്നു പിന്നീട് അന്വേഷിച്ച് മനസ്സിലാക്കിയ ശേഷമാണ് പരാതി കൊടുത്തത് എന്ന് മൊഴി തന്നിട്ടുള്ളതാണ് Ext. P3 പ്രകാരം സായൂജ് വിശാഖ് ശരത്ത് പ്രജിത്ത് എന്നിവരും കണ്ടാൽ തിരിച്ചറിയാവുന്ന ആറോളം പേരും എന്റെ വീട്ടിൽ വന്നു എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. Ext. P 4 ൽ 4 പ്രതികളുടെ പേരാണുള്ളത്. ഇവിടെ Ext. P7-ൽ കാരായി ശ്രീധരൻ മകൻ പ്രജിത്ത് എന്നിവർ ഈ കേസിന്റെ കുറ്റകൃത്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമായതിനാൽ മാർജിനിംഗിൽ കാണിച്ച പ്രകാരം പ്രതികളുടെ മേൽവിലാസവും പേരും FIR പ്രതിക്കോളത്തിൽ ചേർത്ത് കേസ് തുടർ അന്വേഷിക്കുന്നതിന് അനുമതി വേണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്, എന്നാൽ അപ്രകാരം പ്രജിത്ത് എന്നിവർ പ്രതിയല്ല എന്ന് നയിച്ചതിലേക്കുള്ള വസ്തുത അല്ലെങ്കിൽ കാരണം എന്താണ് എന്ന് Ext P 7 റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. ഇവിടെ Ext. P 1 ലും എതിർവിസ്താരത്തിലും പ്രോസിക്യൂഷൻ ഭാഗാം 1-ാം സാക്ഷി വേണ്ടപ്പെട്ടവരോട് അന്വേഷിച്ചാണ് പരാതി തന്നത്. ആദ്യത്തെ ദിവസം ആരുടെ പേരിലാണ് പരാതി കൊടുക്കേണ്ടത് എന്ന് അറിയില്ലായിരുന്നു എന്ന് സമ്മതിച്ചിട്ടുള്ളതാണ്. ഇവിടെ കേസ് ഫയൽ ചെയ്യുന്നതിന് 7 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ആയത്

മകനോടും പാർട്ടിക്കാരോടും സംസാരിക്കുവാൻ ഉണ്ടായിരുന്നതു കൊണ്ടാണ് കേസ് കൊടുക്കാൻ വൈകിയത് എന്ന് പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി പ്രസ്താവിച്ചിട്ടുള്ളതാണ്. 7 ദിവസം വൈകിയതുകൊണ്ട് മാത്രം പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴി ആ ഒരു കാര്യത്തിന് അവിശ്വസിക്കേണ്ട കാര്യമില്ല. പക്ഷേ ഇവിടെ മൊത്തം പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ വിശകലം ചെയ്യുമ്പോൾ, ഇവിടെ PW 1ന്റെ മൊഴി "Neither wholly reliable or nor wholly unreliable" ആണ്. പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയെ വേറെ യാതൊരു പ്രോസിക്യൂഷൻ ഭാഗം സാക്ഷികളും CORROBORATE ചെയ്തിട്ടില്ല. ഇവിടെ പ്രോസിക്യൂഷൻ ഭാഗം തെളിവുകളിൽ പല discrepancies ഉള്ളതാണ്. ഇവിടെ മൊത്തം പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ വിശകലനം ചെയ്യുമ്പോൾ embelishment and false implication എന്നിവയ്ക്ക് ഉള്ള സാധ്യത തള്ളിക്കളയാൻ ആവില്ല.

13. ആയത് കൊണ്ട് 2020 ജൂൺ മാസം 26-ാം തീയതി, ഉച്ചയ്ക്ക് 1.30 മണിക്ക്, വയത്തൂർ അംശം, പേരട്ട, കല്ലന്തോട് എന്ന സ്ഥലത്ത് ഒന്നാം സാക്ഷി കുടുംബമായി താമസിച്ച് വരുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്ത് 6/354 നമ്പർ വീട്ടിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രതികൾ കുറ്റം ചെയ്യണമെന്ന കരുതലും ഉദ്ദേശത്തോടും കൂടി ന്യായ വിരുദ്ധമായി സംഘം ചേർന്ന് അതിക്രമിച്ച് കയറി, തടയാൻ ശ്രമിച്ച ഒന്നാം സാക്ഷിയെയും അമ്മയെയും കൊല്ലും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതിനാൽ ഈ കേസിലെ പ്രതികൾ 143,147, 451, 506 (1), 149 വകുപ്പുകൾ ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ട് എന്ന് സംശയാതീതമായി തെളിയിക്കുവാൻ

പ്രോസിക്യൂഷന് സാധിച്ചിട്ടില്ലാത്തതാണ്. ആയതുകൊണ്ട് തർക്കവിഷയങ്ങൾ 1 മുതൽ 5 വരെ ഈ കോടതി പ്രോസിക്യൂഷന് എതിരെ കാണുന്നു.

14. ഈ കേസിലെ തർക്കവിഷയങ്ങൾ 1 മുതൽ 5 വരെ പ്രോസിക്യൂഷന് എതിരെ കണ്ടതിനാൽ ഈ കേസിലെ പ്രതികളെ, ഈ കോടതി 255-ൽ 1, The Code of Criminal Procedure പ്രകാരം വെറുതെ വിട്ട് ഇതിനാൽ ഉത്തരവാകുന്നു, പ്രതികളുടെ ജാമ്യബോണ്ടുകൾ റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു.

Sd/-

**ന്യായാധികാരി**

**അനുബന്ധം :-**

**പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ**

പ്രോസിക്യൂഷൻ സാക്ഷി 1:-രമണി കണ്ണോത്ത് (പരാതിക്കാരി )

പ്രോസിക്യൂഷൻ സാക്ഷി 2:-ഓമന (ദൃക്സാക്ഷി )

പ്രോസിക്യൂഷൻ സാക്ഷി 3:-ജിനീഷ് (മഹസർ സാക്ഷി)

പ്രോസിക്യൂഷൻ സാക്ഷി 4:-ഗോകുൽ (മഹസർ സാക്ഷി)

പ്രോസിക്യൂഷൻ സാക്ഷി 5:-ബാബു ജോസഫ് (Secretary Ulikkal Grama Panchayath)

പ്രോസിക്യൂഷൻ സാക്ഷി 6:-ഗ്രീഷ്മ പി പി (G. ASI Ulikkal Police Station)

പ്രോസിക്യൂഷൻ സാക്ഷി 7:-പ്രകാശൻ കെ (Sub Inspector, Crime branch, kannur)

പ്രോസിക്യൂഷൻ സാക്ഷി 8:-ചന്ദ്രൻ എ.പി (ASI Ulikkal Police station)

പ്രോസിക്യൂഷൻ സാക്ഷി 9:-ശ്യാമള ടി ആർ ( Sub Inspector, Ulikkal Police Station

**പ്രോസിക്യൂഷൻ രേഖവിവരം:-**

P1:- FIS PW 1 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 05.01.2023)

P2:- സീൻ മഹസർ PW 3 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 26.06.2025)

P3:- Ownership certificate PW 5 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 09.10.2025)

P4:- FIR PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 04.11.2025)

P5:- സീഷർ മഹസർ PW 8 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 20.11.2025)

P6:- Accused deletion report PW 8 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 20.11.2025)

P7:- Accused rank list PW 8 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 20.11.2025)

P8:- Name & address adding report PW 8 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 20.11.2025)

P9:- (series ) 41(A) CrPc notice P(a), P(b), P(c), P(d) PW 8 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 20.11.2025)

P10:- Kacheet PW 8 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 20.11.2025)

**പ്രതിഭാഗം സാക്ഷികൾ** :- ഇല്ല

**പ്രതിഭാഗം രേഖാവിവരം** :- ഇല്ല

**മുദ്രണം ചെയ്യപ്പെട്ട തൊണ്ടി മുതലുകൾ** :- ഇല്ല

//True copy//

**ന്യായാധികാരി**